*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

142nd Issue - Volume 4, No. 22 **ജാഗ്രത** 16th July 2010

*******

"എപ്പോഴും ദൈവസന്നിധിയിൽ നടക്കുകയും തങ്ങളുടെ സേവനം സ്വീകരിക്കവാൻവരുന്ന എല്ലാരോഗികളിലും ഈശോയെ ദർശിക്കുകയും വേണം."

മോൺ. ജോസഫ് സി പഞ്ഞിക്കാരൻ

*******



**MSGR. JOSEPH C PANJIKARAN**
**SERVANT OF GOD**

## പ്രധാന വാർത്തകൾ

ലത്തീൻ കത്തോലിക്കർ പിന്തള്ളപ്പെടുന്നു: ആർച്ച്ബിഷപ് ഡോ. സൂസപാക്യം

---

ജുഡീഷ്യറിയെ വെല്ലുവിളിക്കുന്നത് മാതൃകയല്ല: മാർ ജോസഫ് പവ്വത്തിൽ

---

സഭയുടെ നന്മ മാധ്യമപ്രവർത്തകരിലൂടെ സമൂഹത്തിലെത്തണം: മാർ മാത്യു അറയ്ക്കൽ

---

മദ്യം വിറ്റ് സർക്കാർ ദുരന്തം വിതയ്ക്കുന്നു: ബിഷപ് മാർ തോമസ് ചക്യത്ത്

---

മോൺ.ജോസഫ് പഞ്ഞിക്കാരൻ ദൈവദാസപദവിയിലേക്ക്

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## ലത്തീൻ കത്തോലിക്കർ പിന്തള്ളപ്പെടുന്നു: ആർച്ച്ബിഷപ് ഡോ. സൂസപാക്യം



ലത്തീൻ കത്തോലിക്കർ വീണ്ടും വീ പിന്തള്ളപ്പെടുകയാണെന്ന് കേരള ലത്തീൻ കത്തോലിക്ക മെത്രാൻ സംഘത്തിന്റെ അധ്യക്ഷൻ ആർച്ച് ബിഷപ് ഡോ.എം. സൂസപാക്യം. വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ കെആർഎൽസിസിയുടെ 16-ാം ജനറൽ അസംബ്ലിയിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. കേരള ലത്തീൻ കത്തോലിക്കരെ അനുഭാവപൂർവം പരിഗണിക്കാനുള്ള പരിശ്രമങ്ങൾ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്നു പറയാനാകില്ല. നല്ലബന്ധം പുലർത്തുന്ന നേതാക്കൾ എല്ലാ രാഷ്ട്രീയ പാർട്ടികളിലുമുണ്ട്. എന്നാൽ, ലത്തീൻ കത്തോലിക്കർക്ക് നേതൃനിരയിൽ ആനുപാതികമായി പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ എന്ന ചോദ്യം അവശേഷിക്കുന്നു. വിദ്യാഭ്യാസരംഗത്ത് അന്യായമായ ആരോപണങ്ങൾക്കു വിധേയരാകുന്നതിനു പുറമേ തിക്തമായ അനുഭവങ്ങളുമുണ്ടാകുന്നു. വി.ആർ കൃഷ്ണയ്യർ അധ്യക്ഷനായുള്ള നിയമപരിഷ്കരണ സമിതിയുടെ ജനനനിയന്ത്രണത്തെയും ഗർഭഛിദ്രത്തെയും സംബന്ധിക്കുന്ന പല നിർദേശങ്ങളും കത്തോലിക്കാ വിശ്വാസത്തിനും സഭ മുറുകെപ്പിടിക്കുന്ന സാന്മാർഗിക മൂല്യങ്ങൾക്കും കടകവിരുദ്ധമായിട്ടുള്ളതാണ്. ഇവ കത്തോലിക്കരുടെ മേൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമങ്ങൾ മതേതരത്വത്തിന്റെ തന്നെ അടിത്തറ തകർക്കും. സഭാനിയമങ്ങളെ നിർജീവമാക്കി സഭാ സംവിധാനത്തിൽ കടന്നുകൂടാനും അവിടെ ചുവടുറപ്പിക്കാനുമുള്ള നിഗൂഢ ശ്രമങ്ങൾ ഉണ്ടെന്ന് ബലമായി സംശയിക്കുന്നു. ലത്തീൻ കത്തോലിക്കർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെക്കുറിച്ചു നിരന്തരം പഠിക്കുകയും നിലപാടുകൾ സ്വീകരിക്കുകയും ചെയ്യും. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും ഓരോ പാർട്ടികളോടും മുന്നണികളോടുമുള്ള നിലപാടുകൾ സ്വീകരിക്കുന്നത്. ഇതാണ് പ്രശ്നാധിഷ്ഠിതവും മൂല്യാധിഷ്ഠിതവുമായ സമദൂര സമീപനം കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ലത്തീൻ കത്തോലിക്കാ സമുദായം രാഷ്ട്രീയ നീതി എന്ന മുദ്രാവാക്യം ഉയർത്തുന്നതും ശാക്തീകരണം ലക്ഷ്യംവയ്ക്കുന്നതും സ്വാർഥവും സങ്കുചിതവുമായ ലക്ഷ്യത്തോടെയല്ലെന്ന് വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറയ്ക്കൽ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. രാഷ്ട്രീയനീതി എന്ന മുദ്രാവാക്യത്തെ പ്രായോഗികതലത്തിലേക്കു കൊണ്ടുവരാനുള്ള നിശ്ചയദാർഢ്യവും അതിലേക്കുള്ള തുടർനടപടികളും ഒത്തൊരുമയോടെ ഉണ്ടാവണമെന്നും ആർച്ച്ബിഷപ് പറഞ്ഞു.

## ജുഡീഷ്യറിയെ വെല്ലുവിളിക്കുന്നത് മാതൃകയല്ല: മാർ ജോസഫ് പവ്വത്തിൽ



ജുഡീഷ്യറിയേയും ജനാധിപത്യത്തേയും വെല്ലുവിളിക്കുന്ന നേതാക്കൾ സമൂഹത്തിനു മാതൃകയല്ലെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. എടത്വ സെന്റ് അലോഷ്യസ് എച്ച്എസ്എസിൽ നടന്ന പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങളുടെ ഹിതമിതാണെന്ന് ആരെങ്കിലുമൊരാൾ മുഷ്ടിചുരുട്ടി പറഞ്ഞാൽ അതു ജനഹിതമാകില്ല. അത് അവരുടെ പ്രത്യയ ശാസ്ത്രത്തിന്റെ ഹിതമാണ്. ഭരണഘടന രാജ്യത്തെ ഒന്നിപ്പിക്കുന്ന ഉടമ്പടിയാണ്. ഇന്നു കേരളത്തിൽ ചിലർ അവരുടെ ഇഷ്ടപ്രകാരം ഭരണഘടന വ്യാഖ്യാനിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. ഇത്തരം സമീപനം പുതുതലമുറയ്ക്കു മാതൃകയല്ല. വിദ്യാർഥികൾ രാഷ്ട്രീയം പഠിക്കണം. അല്ലാതെ രാഷ്ട്രീയപാർട്ടികളുടെ പോക്കറ്റിൽ ചെന്നുചാടരുതെന്നും ആർച്ച്ബിഷപ് ഓർമിപ്പിച്ചു.

## സഭയുടെ നന്മ മാധ്യമപ്രവർത്തകരിലൂടെ സമൂഹത്തിലെത്തണം: മാർ മാത്യു അറയ്ക്കൽ



സഭയുടെ അംബാസഡർമാരായ മാധ്യമപ്രവർത്തകരിലൂടെയാണ് സഭയുടെ നന്മനിറഞ്ഞ പ്രവർത്തനങ്ങൾ സമൂഹത്തിൽ എത്തിപ്പെടേണ്ടതെന്നു ബിഷപ് മാർ മാത്യു അറയ്ക്കൽ. മാധ്യമപ്രവർത്തകർ കൂടി ഉൾപ്പെട്ട ചർച്ചാവേദികളും സംവാദങ്ങളും സഭയുടെ പ്രവർത്തനങ്ങൾക്കു കൂടുതൽ ദിശാബോധം പകരുമെന്നും അദ്ദേഹം പറഞ്ഞു. സീറോ മലബാർ സഭയുടെ മൂന്നാമത് മേജർ ആർക്കി എപ്പിസ്കോപ്പൽ സമ്മേളനത്തിൽ അവതരിപ്പിക്കുന്ന മാർഗരേഖയെക്കുറിച്ചു സംഘടിപ്പിച്ച മാധ്യമശില്പശാല കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. 'വിശ്വാസം ജീവന്റെ സംരക്ഷണ

ത്തിനും സമ്പൂർണതയ്ക്കും' എന്നതാണ് മാർഗരേഖാ വിഷയം. ഓഗസ്റ്റ് 20 മുതൽ 22 വരെയാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ സമ്മേളനം. ശില്പശാലയിൽ സീറോ മലബാർ സഭാ വക്താവ് റവ.ഡോ.പോൾ തേലക്കാട്ട് വിഷയാവതരണം നടത്തി. ജീവന്റെ പ്രശ്നം മനുഷ്യരുടെ മാത്രമല്ല, സർവ ചരാചരങ്ങളുടെയും പ്രപഞ്ച നിലനിൽപ്പിന്റെയുംകൂടി പ്രശ്നമാണെന്നും ഡോ. തേല ക്കാട്ട് പറഞ്ഞു. വിഷയത്തിന്റെ പ്രായോഗികത യെക്കുറിച്ച് ഫാ. മാത്യു ചന്ദ്രൻകുന്നേൽ പ്രസംഗിച്ചു. ശില്പശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ സിനഡിൽ വിശദമായ ചർച്ചയ്ക്കു വിധേയമാക്കുമെന്നും അദ്ദേഹം അറിയിച്ചു. വൈദിക പ്രതിനിധികൾ, അല്മായ സംഘടനാ പ്രതിനിധികൾ, വിവിധ മാധ്യമ പ്രതിനിധികൾ എന്നിവരും ചർച്ചയിൽ പങ്കെടുത്തു.

## മദ്യം വിറ്റ് സർക്കാർ ദുരന്തം വിതയ്ക്കുന്നു: ബിഷപ് മാർ തോമസ് ചക്യത്ത്



മദ്യം വിറ്റ് സംസ്ഥാന സർക്കാർ കേരള ത്തിൽ ദുരന്തം വിതയ്ക്കുകയാണെന്ന് എറണാകുളം-അങ്കമാലി അതിരൂപതാ സഹായമെത്രാൻ മാർ തോമസ് ചക്യത്ത്. കെസിബിസി മദ്യവിരുദ്ധ സമിതി എറണാകുളം-അങ്കമാലി അതിരൂപത കലൂർ റിന്യൂവൽ സെന്ററിൽ സംഘടിപ്പിച്ച അന്താരാഷ്ട്രാ ലഹരിവിരുദ്ധ ദിനാചരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എങ്ങനെ കൂടുതൽ പേരെ മദ്യാസക്തരാക്കി വരുമാനം വർധിപ്പിക്കാമെന്ന മുതലാളിത്ത ചിന്താഗതിയാണ് സംസ്ഥാന സർക്കാരിനുള്ളത്. സർക്കാരിന്റെ മദ്യനയം കേരളത്തെ മദ്യാലയമാക്കി മാറ്റിയെന്നും അദ്ദേഹം പറഞ്ഞു. വരുന്ന തെരഞ്ഞെടുപ്പിൽ മദ്യവിരുദ്ധ മനോഭാവമുള്ളവർക്ക് മാത്രമേ വോട്ടു ചെയ്യുകയു ള്ളുവെന്ന് ജനങ്ങൾ തീരുമാനിക്കണം. മദ്യം വേണ്ടെന്ന് പറയാൻ കഴിയുന്ന നേതൃത്വം വളർന്നുവരണമെന്നും അദ്ദേഹം പറഞ്ഞു.

## മോൺ.ജോസഫ് പഞ്ഞിക്കാരൻ ദൈവദാസ പദവിയിലേക്ക്

മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫിന്റെ സ്ഥാപകനും കേരളത്തിലെ അറിയപ്പെടുന്ന ജീവകാരുണ്യ പ്രവർത്തകനുമായിരുന്ന മോൺ. ജോസഫ് സി. പഞ്ഞിക്കാരനെ ദൈവദാസ പദവിയിലേക്കുയർത്തുന്നു. പതിനെട്ടിനു കോതമംഗല ത്തു ദൈവദാസപദവി പ്രഖ്യാപനം നടക്കും. കോതമംഗലത്തെ പ്രശസ്തമായ സെന്റ് ജോസഫ് ധർമഗിരി ആശുപത്രിക്കു തുടക്കമിട്ടതിലൂടെയാണ് മോൺ. ജോസഫ് പഞ്ഞിക്കാരൻ സാമൂഹികപ്രവർത്തന മേഖലയിൽ അറിയപ്പെടാൻ തുടങ്ങിയത്. 1888 സെപ്റ്റം ബർ പത്തിന് ചേർത്തലയ്ക്കടുത്ത് ഉഴുവയിലാണ് അച്ചന്റെ ജനനം. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ശ്രീലങ്കയിലെ കാൻഡിയിലായിരുന്നു വൈദിക പരിശീലനം നടത്തിയത്. 1918 ഡിസംബർ 21ന് പൗരോ ഹിത്യം സ്വീകരിച്ചു. ആലുവ സെന്റ് മേരീസ് ഹൈ സ്കൂളിൽ അധ്യാപകനായാണ് മോൺ.ജോസഫ് പഞ്ഞിക്കാരൻ സാമൂഹ്യസേവനം ആരംഭിക്കുന്നത്. പിന്നോക്ക, ദളിത് വിഭാഗക്കാർക്കിടയിൽ അച്ചൻ നട ത്തിയ സേവനങ്ങൾ ശ്രദ്ധേയമായിരുന്നു. 1934ലാണ് കോതമംഗലത്ത് അച്ചന്റെ നേതൃത്വത്തിൽ ധർമഗിരി ആശുപത്രി സ്ഥാപിക്കുന്നത്. ആതുരസേവന രംഗത്തെ ശുശ്രൂഷ ലക്ഷ്യമാക്കി 1944ൽ മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെന്റ് ജോസഫ് (എംഎസ്ജെ)തുടങ്ങി. 1949ൽ ആകസ്മിക നിര്യാണത്തിലൂടെ ഫാ.ജോസഫ് പഞ്ഞിക്കാരൻ യാത്രയാവുമ്പോൾ ആയിരങ്ങൾക്ക് അത്താണിയാവുന്ന തരത്തിൽ അച്ചൻ തുടങ്ങിവച്ച ശുശ്രൂഷാമേഖലകൾ വ്യാപിച്ചിരുന്നു. പതിനെട്ടിന് കോതമംഗലം സെന്റ് ജോർജ് കത്തീഡ്രൽ ഓഡിറ്റോറിയത്തിലാണ് മോൺ. ജോസഫ് സി. പഞ്ഞിക്കാരന്റെ ദൈവദാസപദവി പ്രഖ്യാപന ച്ചടങ്ങുകൾ നടക്കുന്നത്. ഉച്ചകഴിഞ്ഞ് 2.30ന് ആരംഭിക്കുന്ന ചടങ്ങിൽ കോതമംഗലം രൂപതാ ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ മുഖ്യകാർമികത്വം വഹിക്കും.

JAGRATHA News

**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA



***********